ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

പ്രാദേശിക വാർത്തകൾ

TIME: 06.30 PM | പ്രധാനവാർത്തകൾ | DATE: 08.07.2026

1) ഇന്തോനേഷ്യൻ പര്യടനം പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്രമോദി ഓസ്ട്രേലിയയിലേക്ക് തിരിച്ചു. ഇന്ത്യ-ഇന്തോനേഷ്യ സഹകരണത്തിൽ നിർണായക നേട്ടങ്ങൾക്ക് സന്ദർശനം മാർഗ്ഗമൊരുക്കിയതായി വിദേശകാര്യമന്ത്രാലയം.

2) വയനാട് കള്ളാടിയിൽ മണ്ണിടിച്ചിലുണ്ടായ പ്രദേശം സന്ദർശിച്ച് മുഖ്യമന്ത്രി വി.ഡി സതീശൻ. കാണാതായ അഞ്ച് പേർക്കായി തെരച്ചിൽ തുടരുന്നു.

3) സംസ്ഥാനത്ത് അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രത. 6 ജില്ലകളിൽ ഓറഞ്ച് ജാഗ്രത. കോഴിക്കോട് ജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നാളെ അവധി.

4) ബ്രിക്സ് വനിതാ മന്ത്രിതല യോഗത്തിന് കൊച്ചിയിൽ ഇന്ന് തുടക്കമായി.

5) വന്യജീവി- മനുഷ്യ സംഘർഷം ലഘൂകരിക്കുന്നതിൽ അടിയന്തര നടപടി ആവശ്യപ്പെട്ട് കേന്ദ്ര പരിസ്ഥിതി മന്ത്രി ഭൂപേന്ദ്ര യാദവുമായി കൂടിക്കാഴ്ച നടത്തി മന്ത്രി ഷിബു ബേബി ജോൺ.

****************

RNU TVPM

## പിഎം- ഓസ്ട്രേലിയ

ത്രിരാഷ്ട്ര പര്യടനം തുടരുന്ന പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്തോനേഷ്യ സന്ദർശനം പൂർത്തിയാക്കി ഓസ്ട്രേലിയയിലേക്ക് തിരിച്ചു. മെൽബണിൽ നടക്കുന്ന ഇന്ത്യ-ഓസ്ട്രേലിയ വാർഷിക ഉച്ചകോടിയിൽ  അദ്ദേഹം പങ്കെടുക്കും. ഓസ്ട്രേലിയൻ പ്രധാനമന്ത്രി ആന്തണി അൽബനീസും ഉച്ചകോടിയിൽ പങ്കെടുക്കുന്നുണ്ട്.  സുപ്രധാന മേഖലകളിലെ സഹകരണം സംബന്ധിച്ച ചർച്ചകൾ ഇരുവർക്കുമിടയിൽ നടക്കും.   ഇന്ത്യ-ഓസ്ട്രേലിയ സിഇഒ ഫോറത്തിലും ശ്രീ മോദി പങ്കെടുക്കുന്നുണ്ട്. ഓസ്ട്രേലിയയിലെ പ്രവാസി ഇന്ത്യൻ സമൂഹവുമായും അദ്ദേഹം സംവദിക്കും.  ജക്കാർത്തയിലും, യോഗ്യകർത്തയിലും വിവിധ പരിപാടികളിൽ പങ്കെടുത്ത ശേഷമാണ് പ്രധാനമന്ത്രി ഓസ്ട്രേലിയയിലേക്ക് തിരിച്ചത്. ഇന്ത്യ-ഇന്തോനേഷ്യ സഹകരണത്തിൽ നിർണായക നേട്ടങ്ങൾക്ക് പ്രധാനമന്ത്രിയുടെ സന്ദർശനം മാർഗ്ഗമൊരുക്കിയതായി വിദേശകാര്യമന്ത്രാലയം അറിയിച്ചു.

****************

## വയനാട് (ഇൻട്രോ)

വയനാട് കള്ളാടിയിൽ മണ്ണിടിച്ചിലുണ്ടായ പ്രദേശം സന്ദർശിച്ച് മുഖ്യമന്ത്രി വി.ഡി സതീശൻ. പരുക്കേറ്റ് ആശുപത്രിയിൽ കഴിയുന്നവരെയും മുഖ്യമന്ത്രി സന്ദർശിച്ചു. ദുരന്തത്തിൽ കാണാതായ 5 പേർക്കായി പ്രദേശത്ത് തെരച്ചിൽ തുടരുകയാണ്.  ഇടവിട്ട് ഉണ്ടാവുന്ന മഴ തെരച്ചിലിന് വെല്ലുവിളി സൃഷ്ടിക്കുന്നുണ്ട്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി വയനാട് ജില്ല പ്രതിനിധി അരുൺ വിൻസൻറ്----**
**(ഹോൾഡ്)**

****************

PNUTVPM

## മൃതദേഹം കൈമാറി

കള്ളാടി മണ്ണിടിച്ചിലിൽ മരിച്ച മൂന്ന് പേരുടെ മൃതദേഹങ്ങൾ നടപടികൾ പൂർത്തീകരിച്ച്, കരാർ കമ്പനി അധികൃതർക്ക് കൈമാറി. ജാർഖണ്ഡ് സ്വദേശിയായ അൻമോലിൻറെ മൃതദേഹം ഇന്ന് രാത്രി വിമാനമാർഗ്ഗം റാഞ്ചിയിലെത്തിക്കും. മറ്റ് രണ്ടുപേരുടെ മൃതദേഹങ്ങളും സ്വദേശങ്ങളിൽ എത്തിക്കാൻ ക്രമീകരണമൊരുക്കുമെന്നും കമ്പനി അധികൃതർ അറിയിച്ചു.

****************

## മന്ത്രിസഭ യോഗം-വയനാട് ദുരന്തം

മണ്ണിടിച്ചിൽ ദുരന്തത്തിൻറെ പശ്ചാത്തലത്തിൽ, അപകട സാധ്യതകൾ എന്തെല്ലാമെന്ന് പരിശോധിച്ച ശേഷമേ തുരങ്കപാതയുടെ പണി തുടരൂ എന്ന് മുഖ്യമന്ത്രി വി.ഡി സതീശൻ അറിയിച്ചു . അപകടത്തിന് ഇടയാക്കിയ സാധ്യതകളെ കുറിച്ച് അന്വേഷിക്കാനും, സാങ്കേതികവും നിയമപരവുമായ നടപടികൾ സ്വീകരിക്കാനും തീരുമാനിച്ചതായും മന്ത്രിസഭ യോഗത്തിന് ശേഷം മുഖ്യമന്ത്രി ഇന്ന് രാവിലെ മാധ്യമങ്ങളോട് പറഞ്ഞു. ദുരന്തത്തിൽ, കരാറുകാരുടെയും സർക്കാർ വകുപ്പുകളുടെയും ഭാഗത്ത് നിന്ന് ഗുരുതര അനാസ്ഥയുണ്ടെന്ന ആരോപണത്തെ കുറിച്ച് അന്വേഷിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷനും ഉത്തരവിട്ടു.

RNU TVPM

****************

## കള്ളാടി-മന്ത്രിമാർ

മണ്ണിടിച്ചിലിനെ തുടർന്ന് ചൂരൽമല, മുണ്ടക്കൈ, പുത്തുമല പ്രദേശങ്ങളിൽ കുടുങ്ങിയവർക്കായി അവശ്യ വസ്തുക്കൾ ഉറപ്പാക്കാൻ മന്ത്രിമാരായ എ.പി അനിൽകുമാറും, ടി സിദ്ദിഖും നിർദേശം നൽകി . പ്രദേശത്തെ വിവിധ ഉന്നതികളിലെ താമസക്കാരെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റാനും നിർദേശം നൽകിയിട്ടുണ്ട്. ചൂരൽമലയിലെ ഒറ്റപ്പെട്ട കുടുംബങ്ങൾക്ക് ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കാൻ ഹെൽത്ത് സബ് സെൻറർ

സജ്ജമാക്കാനും നിർദ്ദേശമുണ്ട്. ദുരിതാശ്വാസ ക്യാമ്പുകളിലേക്കുള്ള പ്രവേശനവും കർശനമായി നിയന്ത്രിക്കും.

****************

## പി എസ് സി - മുഖ്യമന്ത്രി

പബ്ളിക്ക് സർവ്വീസ് കമ്മീഷനുമായി ബന്ധപ്പെട്ട് ഞെട്ടിക്കുന്ന ആരോപണങ്ങളാണ് പുറത്തുവരുന്നതെന്നും, പരാതികളിൽ ക്രൈംബ്രാഞ്ച് അന്വേഷണം നടത്തുമെന്നും മുഖ്യമന്ത്രി വി ഡി സതീശൻ . വിഴിഞ്ഞം തുറമുഖത്തിൻറെ 49 ശതമാനം ഷെയർ എം.എസ്.സി എന്ന കമ്പനിക്ക് നൽകുന്നത് സംബന്ധിച്ച കത്ത് മന്ത്രിസഭാ യോഗം ചർച്ച ചെയ്യുതായും മുഖ്യമന്ത്രി തിരുവനന്തപുരത്ത് വാർത്തസമ്മേളനത്തിൽ അറിയിച്ചു. സംസ്ഥാനത്തിന്റെ താൽപര്യങ്ങൾക്ക് വിരുദ്ധമായ ഒരു തീരുമാനവും സർക്കാർ എടുക്കില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

****************

## ഷിബു ബേബി ജോൺ

കാട്ടുപന്നിയെ ക്ഷുദ്ര ജീവിയായി പ്രഖ്യാപിക്കില്ലെന്ന് കേന്ദ്രം അറിയിച്ചതായി വനം മന്ത്രി ഷിബു ബേബി ജോൺ. കേന്ദ്ര വനം, പരിസ്ഥിതി വകുപ്പ് മന്ത്രി ഭൂപേന്ദ്ര യാദവുമായി നടത്തിയ ചർച്ചകൾക്ക് ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. വന്യജീവി- മനുഷ്യ സംഘർഷം ലഘൂകരിക്കുന്നതിനും ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനുമുള്ള അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ച് കേന്ദ്രമന്ത്രിക്ക് നിവേദനം സമർപ്പിച്ചതായും ശ്രീ ഷിബു ബേബി ജോൺ പറഞ്ഞു.

****************

## ബ്രിക്സ്

ബ്രിക്സ് വനിതാ മന്ത്രിതല യോഗം കൊച്ചിയിൽ ഇന്ന് ആരംഭിച്ചു. യോഗത്തോടനുബന്ധിച്ചുള്ള പ്രധാന സമ്മേളനത്തിൽ കേന്ദ്ര വനിതാ-ശിശു വികസന മന്ത്രി അന്നപൂർണ ദേവി ഉൾപ്പെടെ പ്രമുഖർ പങ്കെടുത്തു. സമ്മേളനത്തിൻറെ ഭാഗമായ പ്ലീനറി

PIU TVPM

സെഷനിൽ വനിതാ-ശിശു വികസന സഹമന്ത്രി സാവിത്രി താക്കൂർ പങ്കെടുത്തിരുന്നു. വനിതാ കേന്ദ്രീകൃത വികസനത്തിൽ ഇന്ത്യ കൈവരിച്ച നേട്ടങ്ങൾ ഉയർത്തിക്കാട്ടുന്ന പ്രദർശനവും ഇതോടനുബന്ധിച്ച് ഒരുക്കിയിട്ടുണ്ട്. സമ്മേളനം നാളെ സമാപിക്കും.

****************

<u>മഴ</u>

സംസ്ഥാനത്ത് ഇന്ന് അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയാണ്. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം ജില്ലകളിൽ മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചു. ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, മലവെള്ളപ്പാച്ചിൽ സാധ്യതയുള്ള പ്രദേശങ്ങളിൽ താമസിക്കുന്നവർ അധികൃതരുടെ നിർദേശാനുസരണം സുരക്ഷിത ഇടങ്ങളിലേക്ക് മാറണമെന്ന് ദുരന്തനിവാരണ അതോറിറ്റി അറിയിച്ചു. കേരളം - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി. അതിശക്തമായ മഴയ്ക്കുള്ള സാധ്യത കണക്കിലെടുത്ത് കോഴിക്കോട് ജില്ലയിലെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും നാളെ അവധി പ്രഖ്യാപിച്ചു.

****************

<u>കാല വർഷം -കണ്ണൂർ (ഇൻട്രോ)</u>

കണ്ണൂർ ജില്ലയിൽ കാലവർഷം ശക്തമാകുന്നു. ജില്ലയിൽ 10 വീടുകളാണ് ഇതുവരെ ഭാഗികമായി തകർന്നത്. കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ.

(വോയ്സ്)

****************

RNU TVPM

## കോഴിക്കോട് മഴ

കോഴിക്കോട് രണ്ടുദിവസമായി തുടരുന്ന ശക്തമായ മഴയിൽ ചാത്തമംഗലം, മാവൂർ, കൊടിയത്തൂർ പഞ്ചായത്തുകളിലെ താഴ്ന്ന പ്രദേശങ്ങളിൽ വെള്ളം കയറി. ചെറുപുഴയും ഇരുവഞ്ഞിയും ചാലിയാറും നിറഞ്ഞ് കവിഞ്ഞതോടെയാണ് താഴ്ന്ന പ്രദേശങ്ങളിലേക്ക് വെള്ളം കയറിയത്. റോഡുകളിൽ വെള്ളക്കെട്ട് രൂപപ്പെടുകയും കൃഷി നാശം ഉണ്ടാകുകയും ചെയ്തു. ഒളവണ്ണയിൽ കിണർ ഇടിഞ്ഞുതാഴ്ന്നു.

ശക്തമായ മഴയെത്തുടർന്ന് പാലക്കാട് ജില്ലയിൽ ദുരിതാശ്വാസ ക്യാമ്പ് ആരംഭിച്ചിച്ചിട്ടുണ്ട്.

****************

## ഇടുക്കി (ഇൻട്രോ)

കൊച്ചി - ധനുഷ്കോടി ദേശീയപാതയിലെ പഴയ മൂന്നാറിൽ മലയിടിഞ്ഞ ഭാഗത്തെ മണ്ണ് നീക്കം ചെയ്യാനുള്ള നടപടികൾ ആരംഭിച്ചു. മേഖലയിൽ കനത്ത മഴ തുടരുന്നതിനാൽ അതീവ ജാഗ്രത പാലിക്കാൻ ജില്ലാ ദുരന്തനിവാരണ അതോറിറ്റി നിർദേശം നൽകി. ഇതുവഴിയുള്ള ഗതാഗതനിയന്ത്രണം മൂന്ന് ദിവസം കൂടി തുടർന്നേക്കും..

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ---

(ഹോൾഡ്)

****************

## സുരേഷ് ഗോപി

രാജ്യത്തെ മുഴുവൻ ലോക്സഭാ മണ്ഡലങ്ങളിലും ഓരോ പാസ്പോർട്ട് സേവാ കേന്ദ്രങ്ങൾ എന്നത് പ്രധാനമന്ത്രി നരേന്ദ്രമോദി വിഭാവനം ചെയ്ത മികച്ച പദ്ധതിയാണെന്ന് കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി. പൊന്നാനി ലോക്സഭാ മണ്ഡലത്തിലെ തവനൂർ തപാൽ ഓഫീസിൽ സജ്ജമാക്കിയ പാസ്പോർട്ട് സേവാകേന്ദ്രം നാടിനു സമർപ്പിക്കുകയായിരുന്നു അദ്ദേഹം. തപാൽ വകുപ്പുമായി സഹകരിച്ച് കൂടുതൽ പാസ്പോർട്ട് സേവാ കേന്ദ്രങ്ങൾ രാജ്യത്ത് ആരംഭിക്കുമെന്നും ശ്രീ സുരേഷ് ഗോപി പറഞ്ഞു.

****************

RNU TVPM

## പത്തനംതിട്ട പണിമുടക്ക് (ഇൻട്രോ)

പ്രിയദർശിനി സൗജന്യ യാത്രാ പദ്ധതിയെ തുടർന്നുള്ള പ്രതിസന്ധി ചൂണ്ടിക്കാട്ടി സംസ്ഥാനത്തെ നാല് ജില്ലകളിൽ സ്വകാര്യ ബസ് ഉടമകളും ജീവനക്കാരും ഇന്ന് പണിമുടക്ക് നടത്തി. സ്വകാര്യ ബസ് റൂട്ട് മാത്രം ആശ്രയിക്കുന്ന യാത്രക്കാരെ പണിമുടക്ക് സാരമായി ബാധിച്ചു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ.**

(വോയ്സ്)

****************

## ലിഫ്റ്റിൽ-വയോധികൻ മരിച്ചു

പത്തനംതിട്ട കടമ്മനിട്ട കല്ലേലിമുക്കിൽ വീട്ടിലെ ലിഫ്റ്റിൽ തല കുടുങ്ങി വയോധികൻ മരിച്ചു . 75 വയസ്സുള്ള മാത്തുക്കുട്ടി ആണ് മരിച്ചത്. ഫയർഫോഴ്സ് എത്തിയെങ്കിലും രക്ഷിക്കാനായില്ല.

****************

## ഓണം ബംബർ

RNU TVPM

ഭാഗ്യക്കുറി വകുപ്പിന്റെ ഓണം ബംബർ ഒന്നാം സമ്മാന തുക വർദ്ധിപ്പിച്ചു. 25 കോടിയായിരുന്ന സമ്മാന തുക 30 കോടിയാക്കി സർക്കാർ ഉത്തരവിറക്കി. 50 ലക്ഷമായിരുന്ന മൂന്നാം സമ്മാനം 25 ലക്ഷമാക്കിയിട്ടുണ്ട്. ടിക്കറ്റ് വിലയിൽ മാറ്റമില്ല. ഓണം ബംബർ ലോട്ടറി ടിക്കറ്റിന്റെ പ്രകാശനം ഈ മാസം 17 - ന് മുഖ്യമന്ത്രി വി.ഡി. സതീശൻ നിർവ്വഹിക്കും.

****************

**********

****